# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

**പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം**

**ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in**


**നം. COAPAD/2628/2025-C1** **തീയതി: 27-12-2025**

### <u>പുനഃദർഘാസ് പരസ്യം</u>

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-2 (കരുവാച്ചേരി) -ലെ അഗ്രിമ ഭക്ഷണശാല (കാന്റീൻ) നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച വ്യക്തികൾ/വനിതാ സംഘം/കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കാൻറീൻ പ്രവർത്തനത്തിന് സൗകര്യപ്രദമായ കെട്ടിടം (വൈദ്യുതി/ ജല സൗകര്യം അടക്കം) ആണ് ഒരുക്കിയിരിക്കുന്നത്. അതിലേക്ക് ആവശ്യമായ ഫർണിച്ചർ, അടുക്കളയിലേക്കാവശ്യമായ ഗ്യാസ്, വിറക് അടുപ്പുകൾ, പാത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എല്ലാം കരാർ ഏറ്റെടുക്കുന്നവർ./സംഘം സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

**ദർഘാസ് സമർപ്പിക്കുന്നവർ മാസ വാടകയുടെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.**

| | |
|---|---|
| കോട്ട് (Quote) ചെയ്യുന്ന മാസ വാടക നിരക്ക്<br>**(18% GST തുക പ്രത്യേകം കാണിക്കേണ്ടതാണ്)** | മാസ വാടക :<br>ജി എസ് ടി @ 18% : |
| അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പറും | |
| **അറിവിലേക്കായി: 9260**/- രൂപയിൽ (7000/- + 18 % GST) കുറയാത്ത വാടക നിരക്ക് കോട്ട് ചെയ്യുന്നവ മാത്രമേ പരിഗണിക്കുകയുള്ളൂ. | |

ഭക്ഷണശാലയിലൂടെ ലഭ്യമാക്കേണ്ട ഭക്ഷ്യവസ്തുക്കളുടെ വിലവിവര പട്ടികയും (അനുബന്ധം-1) നിബന്ധനകളും (അനുബന്ധം-2) ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത വിലയിലും ഗുണത്തിലും ഭക്ഷ്യവസ്തുക്കൾ ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പാകം ചെയ്ത് വിതരണം ചെയ്യുവാൻ താൽപര്യമുള്ള അപേക്ഷകർ /വനിതാ സംഘം / കുടുംബശ്രീ യൂണിറ്റുകൾ മേൽപ്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തിയ ദർഘാസ് എഴുതി ഒപ്പിട്ട് താഴെപ്പറയുന്ന രേഖകൾ അടക്കം ചെയ്ത്, സീൽ ചെയ്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സമർപ്പിക്കുന്ന കവറിനുപുറത്ത് **"പടന്നക്കാട് കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-2 (കരുവാച്ചേരി) അഗ്രിമ ഭക്ഷണശാല (കാന്റീൻ) ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** എന്നെഴുതിയിരിക്കണം.

### <u>സമർപ്പിക്കേണ്ട രേഖകൾ</u>

1. കുടുംബശ്രീ / സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (കുടുംബശ്രീ ആണെങ്കിൽ )
2. അപേക്ഷകന്റെ ഫോട്ടോ സഹിതം ഉള്ള തിരിച്ചറിയൽ രേഖ
3. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ)

- ലഭ്യമായ കെട്ടിടസൌകര്യം ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതാണ്.
- ദർഘാസ് നിരസിക്കുവാനോ, നീട്ടിവെക്കാനോ ഉള്ള അവകാശം കോളേജ് മേധാവിയായ ഡീനിൽ നിക്ഷിപ്തമായിരിക്കും.
- ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം 06.01.2026(ചൊവ്വാഴ്ച) രാവിലെ 11.00 മണി വരെയാണ്. അന്നുതന്നെ 11.30-ന് അവ തുറന്ന് പരിശോധിക്കുന്നതായിരിക്കും. വൈകി കിട്ടുന്നതോ അപൂർണ്ണമോ ആയ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.
- ക്വട്ടേഷൻ അംഗീകരിച്ച് കാന്റീനിന്റെ പ്രവർത്തനാനുമതി ലഭിക്കുന്ന **അപേക്ഷകർ** / സംഘം / കുടുംബശ്രീ യൂണിറ്റുകൾ **സെക്യൂരിറ്റി ഡെപ്പോസിറ്റായി ജി എസ് ടി ഉൾപ്പെടെയുള്ള മൂന്ന് മാസത്തെ വാടക ഈ ഓഫിസിൽ അടയ്ക്കേണ്ടതാണ്.**

സർക്കാർ/സർവ്വകലാശാല ദർഘാസ് നിബന്ധനകളെല്ലാം ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ: 0467 2280616

**Dr. Sajitha Rani T**

**DEAN**

പകർപ്പ്:

1. നോട്ടിസ് ബോർഡ് (കോളേജ്./ഫാം)
2. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്
3. വില്ലേജ് ഓഫീസ് (കാഞ്ഞങ്ങാട് സൗത്ത് /നീലേശ്വരം)
4. മുൻസിപ്പാലിറ്റി (കാഞ്ഞങ്ങാട് സൗത്ത് /നീലേശ്വരം)
5. കുടുംബശ്രീ ജില്ലാ ഓഫീസ് (ഇ - മെയിൽ മുഖാന്തിരം)
6. കെ.എ.യു വെബ്സൈറ്റ്

**//അംഗീകാരത്തോടെ അയക്കുന്നത്//**

Signed by
Sudhir C
Date: 27-12-2025 16:35:43

**സെക്ഷൻ ഓഫീസർ**